**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2162** **11-10-2021 - ൽ മറുപടിയ്ക്ക്**

**പാണ്ഡവത്ത് ശങ്കരപിള്ള മെമ്മോറിയൽ ക്രഷിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ തറയിൽകടവിൽ പ്രവർത്തിക്കുന്ന പാണ്ഡവത്ത് ശങ്കരപിള്ള മെമ്മോറിയൽ കൾച്ചറൽ സൊസൈറ്റിയുടെ നേതൃത്വത്തിലുള്ള ക്രഷിന്റെ പ്രവർത്തനം വനിതാശിശുക്ഷേമവകുപ്പിന്റെ കീഴിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ക്രഷ് സ്കീമിന്റെ ഭാഗമായി സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്, സംസ്ഥാന ശിശുക്ഷേമ സമിതി എന്നിവയ്ക്ക് കീഴിൽ പ്രവർത്തിച്ചിരുന്ന ക്രഷുകളെ കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം സംസ്ഥാന സർക്കാർ ഏറ്റെടുത്ത് 60:30:10 (കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം, NGO വിഹിതം) എന്ന അനുപാതത്തിൽ ഗ്രാന്റ് അനുവദിച്ചുവരുന്നുണ്ട്. നാഷണൽ ക്രഷ് സ്കീം പ്രകാരം സർക്കാർ തലത്തിൽ ഏറ്റെടുത്ത ക്രഷുകളുടെ ലിസ്റ്റിൽ ഉൾപ്പെടാത്തവ സംബന്ധിച്ച് റീ സർവ്വേ നടത്തി പ്രവർത്തനക്ഷമമാണെന്ന് കണ്ടെത്തിയ ക്രഷുകളുടെ ലിസ്റ്റ് അംഗീകരിച്ച് സ്കീമിന്റെ ഭാഗമാക്കുന്നതിനായി വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലിൽ പാണ്ഡവത്ത് ശങ്കരപിള്ള കൾച്ചറൽ സൊസൈറ്റിയുടെ നേതൃത്വത്തിലുള്ള ക്രഷും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രൊപ്പോസലിന്മേൽ തുടർനടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് എന്ത് തടസ്സമാണ് നിലവിലുള്ളതെന്നും ഇക്കാര്യത്തിൽ എന്ത് തുടർനടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ബി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ക്രഷ് സ്കീമിന്റെ ഭാഗമായി സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്, സംസ്ഥാന ശിശുക്ഷേമ സമിതി എന്നിവയ്ക്ക് കീഴിൽ പ്രവർത്തിച്ചിരുന്ന ക്രഷുകളെ കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം സംസ്ഥാന സർക്കാർ ഏറ്റെടുത്ത് 60:30:10 (കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം, NGO വിഹിതം) എന്ന അനുപാതത്തിൽ ഗ്രാന്റ് അനുവദിച്ചുവരുന്നുണ്ട്. നാഷണൽ ക്രഷ് സ്കീം പ്രകാരം സർക്കാർ തലത്തിൽ ഏറ്റെടുത്ത ക്രഷുകളുടെ ലിസ്റ്റിൽ ഉൾപ്പെടാത്തവ സംബന്ധിച്ച് റീ സർവ്വേ നടത്തി പ്രവർത്തനക്ഷമമാണെന്ന് കണ്ടെത്തിയ ക്രഷുകളുടെ ലിസ്റ്റ് അംഗീകരിച്ച് സ്കീമിന്റെ ഭാഗമാക്കുന്നതിനായി വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടർ |

| | | | |
|---|---|---|---|
| | | | പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലിൽ പാണ്ഡവത്ത് ശങ്കരപിള്ള കൾച്ചറൽ സൊസൈറ്റിയുടെ നേതൃത്വത്തിലുള്ള ക്രഷം ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രൊപ്പോസലിന്മേൽ തുടർനടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ